## പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1967 — 19.06.2012 ൽ മറുപടിയ്ക്ക്

## ഉഴവൂർ കേന്ദ്രമായി ജോയിന്റ് ആർ.റ്റി.ഒ ഓഫീസ്

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്

**ഉത്തരം**

ശ്രീ.ആര്യാടൻ മുഹമ്മദ്

(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉഴവൂർ കേന്ദ്രമായി ജോയിന്റ് ആർ.റ്റി.ഒ ഓഫീസ് സ്ഥാപിക്കുന്നതിന് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കുമോ; | (എ) | ഇല്ല |
| (ബി) | സംസ്ഥാനത്ത് ഈ വർഷം എവിടെയൊക്കെയാണ് പുതിയ ആർ.റ്റി. ഓഫീസുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലാണ്. |
| (സി) | പുതിയ ആർ.റ്റി ഓഫീസ് തുടങ്ങുന്നതിന് നിലവിലുള്ള മാനദണ്ഡം എന്താണ്; | (സി) | പ്രത്യേകിച്ച് മാനദണ്ഡങ്ങളൊന്നും നിലവിലില്ല. വാഹനവർദ്ധനവും വാഹന ഉടമകളുടെ സൗകര്യങ്ങളും, ഭരണപരമായ സൗകര്യങ്ങളും പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും നിർദ്ദേശങ്ങളും കണക്കിലെടുക്കാറുണ്ട്. |
| (ഡി) | ഉഴവൂരിൽ മുൻപ് ആർ.റ്റി ഓഫീസ് ഉണ്ടായിരുന്നത് നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) | മീനച്ചിൽ താലൂക്കിൽ പാലാ, ഉഴവൂർ എന്നീ രണ്ട് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ഉണ്ടാവുകയും എന്നാൽ വൈക്കം താലൂക്കിൽ ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പോലും ഇല്ലാതെയുമിരുന്ന സാഹചര്യത്തിലാണ്, ഉഴവൂരിൽ ഉണ്ടായിരുന്ന സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് വൈക്കത്തേയ്ക്ക് മാറ്റി സ്ഥാപിച്ചത്. |

സെക്ഷൻ ഓഫീസർ